**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :**2450** **05.11.2019**-ലെ മറുപടിക്ക്

## <u>പെട്രോകെമിക്കൽ പാർക്ക്</u>

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും<br>വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച അമ്പലമുകൾ പെട്രോകെമിക്കൽ പാർക്കിന്റെ നിർമ്മാണത്തിനായി സ്ഥലമേറ്റെടുപ്പും ഭൂമി കൈമാറ്റ നടപടികളും പൂർത്തിയായിട്ടുണ്ടോ; | **(എ)** സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച അമ്പലമുകൾ പെട്രോകെമിക്കൽ പാർക്കുമായി ബന്ധപ്പെട്ട് ഭൂമി കൈമാറുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിക്കായി എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കുന്നതെന്ന് അറിയിക്കാമോ; | **(ബി)** 481.79 ഏക്കർ ഭൂമിയാണ് പ്രസ്തുത പദ്ധതിക്കായി ഏറ്റെടുക്കുന്നത്. |
| (സി) പെട്രോകെമിക്കൽ പാർക്കിന്റെ അന്തിമ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണം എന്തെന്ന് വ്യക്തമാക്കുമോ? | **(സി)** പ്രസ്തുത പദ്ധതിക്ക് വേണ്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഹൈദരാബാദ് ആസ്ഥാനമായ വോയൻറ്സ് കൺസൾട്ടൻസിനെ കിൻഫ്ര നിയമിച്ചിട്ടുണ്ട്. അവർ കരട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിൻഫ്രയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**